(ബി) കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ മാറ്റുന്നതിന് (സംസ്ഥാനത്ത് പുതിയ ലാന്റ് അക്വിസിഷൻ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതുവരെ) കിൻഫ്രയ്ക്ക് അത്യാവശ്യം വേണ്ട ഭൂമി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഉഭയകക്ഷിസമ്മതപ്രകാരം നേരിട്ട് വിലയ്ക്ക് വാങ്ങുന്നതിന് 23-7-2014-ൽ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

(സി) 1993-ലെ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആക്ടിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കിൻഫ്രയ്ക്ക് ആവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

പാണപ്പുഴയിലെ കിൻഫ്ര പാർക്ക്

240 (4231) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിലെ പാണപ്പുഴ വില്ലേജിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമം ഏതുവരെയായി ;

(ബി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി മന്ദഗതിയിലായതിന്റെ കാരണമെന്താണ് ;

(സി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ എയർപോർട്ടിന് സമീപത്ത് മട്ടന്നൂരിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള ഭൂമി ഏറ്റെടുത്തിട്ടുള്ളതുകൊണ്ടും വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയുടെ സമീപ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോണുകൾ സ്ഥാപിക്കുവാനാണ് മുൻഗണന എന്നുള്ളതുകൊണ്ടും കണ്ണൂർ ജില്ലയിലെ പാണപ്പുഴ വില്ലേജിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന വ്യവസായ പാർക്ക് വേണ്ടെന്ന് വയ്ക്കാൻ 24-7-2014 -ൽ ചേർന്ന 64-ാമത് കിൻഫ്ര ബോർഡ് തീരുമാനിച്ചിരിക്കുകയാണ്.

(ബി-സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly